യൂണിറ്റ് 2

# നിലാവുപെയ്യുന്ന നാട്ടുവഴികൾ

<u>പ്രവേശക പ്രവർത്തനം</u>

1."*നാടായാലും കാടായാലും*

*കുഴിയായാലും കുന്നായാലും*

*നല്ലവർ പാർക്കുന്നെങ്കിൽ*

*നീയും നന്നേ, വാഴ്ക നിലമേ*"-വരികളുടെ പ്രധാനാശയം എന്ത് ?

ഉത്തരം:- നല്ലനാട്ടുകാരാണ് ഒരു നാടിനെ നല്ലതാക്കുന്നത്.

2. ഔവ്വയാറിന്റെ പ്രസിദ്ധമായ കൃതിയേതാണ്?

ഉത്തരം:-പുറനാനൂറ്.

## <u>കൊച്ചുചക്കരച്ചി</u>

3. "*വൃക്ഷങ്ങളിൽ വെച്ച് വൃക്ഷമായത് മാവു തന്നെ*"-ഈ പ്രസ്താവനയുടെ പൊരുൾ എന്താണ്?

ഉത്തരം:-മനുഷ്യജീവിതത്തെ ആകമാനം സ്വാധീനിക്കുന്ന വൃക്ഷം.

4. ആകാശം ഉരുമ്മി ഒരു മാവു നിൽക്കുന്നു.അതിനെ 'കുരുടിച്ചി' എന്നാണ് വിളിക്കുന്നത്. ഈ പേരിടലിന്റെ അടിസ്ഥാനമെന്ത്?

ഉത്തരം:-മാങ്ങകളുടെ വലിപ്പവും മാധുര്യവും.

5. "കൊതിയസമാജം" -എന്ന് ലേഖകൻ വിശേഷിപ്പിക്കുന്നത് ആരെയാണ്?

ഉത്തരം:-മാഞ്ചോട്ടിൽ ഒത്തുകൂടിയ കുട്ടികളെ

6. കൊച്ചുചക്കരച്ചി എന്ന പാഠഭാഗം ആരുടെ രചനയാണ്?

ഉത്തരം:-എ.പി ഉദയഭാനു

7. കൊച്ചുചക്കരച്ചി ഏത് സാഹിത്യവിഭാഗത്തിൽ ഉൾപ്പെടുന്ന രചനയാണ്?

ഉത്തരം:-രമ്യോപന്യാസം

8. ഇന്ന് മാങ്ങാമരം കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ <u>അപരിഷ്കൃതമട്ടുകൾ</u> അവർ അറിയാനിടയില്ല.അടിവരയിട്ടപദത്തിന്റെ അർഥസൂചനയെന്ത്?

ഉത്തരം:-മാഞ്ചോട്ടിലെ കളികൾ

9. ഇന്ന് മാങ്ങമരം കാണാത്ത കുട്ടികൾകേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ <u>അപകരിഷ്കൃതമട്ടുകൾ</u> അവർ അറിയാനിടയില്ല. വരികളിൽ തെളിയുന്ന ഭാവംഎന്ത്?

ഉത്തരം:-പരിഹാസം

10. "മാങ്ങാമരം"എന്നതുകൊണ്ട് ലേഖകൻധ്വനിപ്പിക്കുന്നതെന്ത്?

ഉത്തരം:-മാതൃഭാഷയും നാട്ടുനന്മകളും അന്യമാകുന്ന തലമുറയെ സൂചിപ്പിക്കുന്നു.

11. കവികളായ കവികളെല്ലാം നാട്ടിൻപ്പുറത്തെ ഏതെങ്കിലും കൊതിയസമാജത്തിൽ അംഗങ്ങളായിരിക്കണം.അല്ലായ്കിലുണ്ടോ തേന്യൂറുന്ന കവിത രചിക്കാൻ അവർക്കുകഴിയുന്നു.ഈ വരികളിലെ അർഥ സാധ്യത എന്ത്?

ഉത്തരം:-ഗ്രാമജീവിതവുമായിബന്ധപ്പെട്ട അനുഭവങ്ങളാണ് കവിതക്ക് വിഷയമാകുന്നത്

12. "ചൂതസായകൻ" - എന്ന വാക്കിന്റെ അർഥം?

ഉത്തരം:-മാമ്പൂ അസ്ത്രമായിട്ടുള്ളവൻ

13. പൂത്തിരികത്തിച്ചതുപോലെയുള്ള മാമ്പൂക്കുല ഒടിച്ച് കുസൃതിക്കുട്ടനെപ്പൊലെ കവിതാങ്കണത്തിൽ

ഓടിയെത്തിയത്- ഈ വിശേഷണം ആരെകുറിച്ച് ?

ഉത്തരം:-വൈലോപ്പിള്ളി ശ്രീധരമേനോൻ

14. ഭുവനവിദിതമായ മാവിന്റെ വംശത്തിലാണ് ഞങ്ങളുടെ കൊച്ചുചക്കരച്ചി വന്നുപിറന്നത്.അടിവരയിട്ട പദത്തിന്റെ അർഥം വ്യക്തമാക്കുക.

ഉത്തരം:-ലോകപ്രശസ്തം

15. പാട്ടത്തിലെ അപ്പൂപ്പൻ ഒരു അറുപത് കൊല്ലം മുമ്പ് കൊച്ചുചക്കരച്ചിയെ വെട്ടിനീക്കാൻ തുനിഞ്ഞതായിരുന്നത്രെ.വേണ്ടപ്പെട്ടവർ ആരോ ഒക്കെ ഇടപെട്ട് ആ അത്യാഹിതം തടഞ്ഞു. ഇവിടെ അത്യാഹിതം എന്ന പദപ്രയോഗം എന്തിനെ കുറിക്കുന്നു.

ഉത്തരം:-കൊച്ചുചക്കരച്ചിയെ വെട്ടിമാറ്റാൻ തുനിഞ്ഞത്

16. "നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു". ലേഖകൻ ഉദ്ദേശിച്ചതെന്ത്?

ഉത്തരം:-മാവിന്റെ കാലപ്പഴക്കവും തലമുറയുമായുള്ള ബന്ധവും

17. പണത്തിന്റെ മുട്ടുകൊണ്ട് ഒന്നുരണ്ടു പ്രാവശ്യം കൊച്ചുച്ചക്കരച്ചിയിലെ മാങ്ങ വിൽക്കാൻ അമ്മ ശ്രമിച്ചിട്ടുണ്ട്.അടിവരയിച്ച പദം സൂചിപ്പിക്കുന്നതെന്ത്?

ഉത്തരം:-പണത്തിന്റെ കുറവ്

18. കൊച്ചുചക്കരച്ചിയിലെ നീറുകളെ ലേഖകൻ എന്തായിട്ടാണ് വിശേഷിപ്പിക്കുന്നത്?

ഉത്തരം:-ചാവേറുപട

19. അങ്ങനെ വന്നാലത്തെ നാശം ആർക്കുതാങ്ങാനാകും? ഈ വാക്യം കൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

ഉത്തരം:- നാശം ആർക്കും താങ്ങാൻ കഴിയില്ല.

20. തുലാവർഷക്കാറ്റുകളും കാലവർഷകാറ്റുകളും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടികളിൽ വിരലോടിച്ച് പോവുക മാത്രം ചെയ്തു. തള്ളി ഇട്ടില്ല. ഇവിടെ സൂചിതമാകുന്ന കാവ്യഭംഗി ?

ഉത്തരം:- പ്രകൃതിയിൽ മനുഷ്യഭാവം

21. ഈയാണ്ടിൽ അത് കാഴ്ച്ച.അവൾ പുളിച്ചിയാണ് .അടിവരയിട്ട പദത്തിന് യൂണിറ്റ് ആശയവുമായി ബന്ധപ്പെട്ട അർഥധ്വനിയെന്ത്?

ഉത്തരം:- കാലക്രമത്തിൽ മനുഷ്യനന്മകൾ അന്യമാകുന്നത്.

22. ചൂതസായകൻ എന്ന പദത്തിന്റെ വിഗ്രഹാർഥം?

ഉത്തരം:-ചൂതം സായകമാക്കിയവൻ ആരോ അവൻ

23. കൊതിയസമാജം എന്ന പദത്തിന്റെ വിഗ്രഹാർഥം?

ഉത്തരം:- കൊതിയൻമാരുടെ സമാജം

24. ഘനസുഗന്ധി എന്ന പദത്തിന്റെ വിഗ്രഹാർഥം?

ഉത്തരം:- ഘനമായ സുഗന്ധമുള്ളവൻ

25. പരമോച്ചനില എന്ന പദത്തിന്റെ അർഥം?

ഉത്തരം:- ഏറ്റവും ഉന്നതമായ നില

26. വൃക്ഷങ്ങളിൽ വെച്ച് വൃക്ഷമായത് മാവു തന്നെയാണെന്ന് ലേഖകൻ സമർഥിക്കുന്നതെങ്ങനെ? വൃക്ഷങ്ങൾക്കു നൽകിയ വിശേഷണങ്ങൾ എത്രമാത്രം ഉചിതമാണ് ? പാഠസന്ദർഭം വിശകലനം ചെയ്ത് സ്വാഭിപ്രായം സമർഥിക്കുക?

മനുഷ്യജീവിതത്തെ ആകമാനം സ്വാധീനിക്കുന്ന വൃക്ഷമാണ് മാവ്.കുട്ടിക്കാലം തൊട്ട് മരണംവരെ മാവുമായി ബന്ധപ്പെട്ട് ജീവിക്കുന്നതിന്റെ ഒരു ചിത്രം എ.പി.ഉദയഭാനു മനോഹരമായി അവതരിപ്പിക്കുന്നു. മാവ് പൂക്കുമ്പോൾ നാട്ടിൻ പുറത്ത് ഉത്സവാന്തരീക്ഷമാണ്.മാമ്പൂവിന്റെ മൃദുലമായ പരിമളം,ഉണ്ണിമാങ്ങ മുതലുള്ള ഭക്ഷ്യവസ്തുക്കൾ, മാഞ്ചോട്ടിലുള്ള കുട്ടികളുടെ ഒത്തുചേരലുകൾ, കളിവീടുണ്ടാക്കൽ തുടങ്ങിയ ബാല്യകാല സ്മരണകൾ മാമ്പഴത്തിലേറെ മാധുര്യമുള്ളതാണ്. വൈലോപ്പിള്ളിയുടെ മാമ്പഴം, ബഷീറിന്റെ

തേന്മാവ്, പി.പി.രാമചന്ദ്രന്റെ മാമ്പഴക്കാലം എന്നിവ , കവികൾക്ക് ഇഷ്ടപ്പെട്ട വൃക്ഷം മാവാണെന്നതിന്റെ സൂചനയാണ്. പഴങ്ങളുടെ രാജാവായിട്ടാണ് മാമ്പഴത്തെ വിശേഷിപ്പിക്കുന്നത്. മാവിന്റെ ഇല പൂജക്കും അലങ്കാരത്തിനും ഉപയോഗിക്കാറുണ്ട്. അതുപോലെ കിളികൾക്ക് ഇഷ്ട വൃക്ഷവും മാവു തന്നെയാണ്. 'പഴുത്ത മാവിലകൊണ്ട് പല്ല് തേച്ചാൽ പുഴുത്ത പല്ലും നവരത്നമാകും '- എന്നൊരു ചൊല്ല് തന്നെ മലയാളത്തിലുണ്ട്. മാമ്പൂ തൈലം, മാവിലയുടെ ഔഷധ ഗുണം എന്നിവയെല്ലാം ലേഖകന്റെ അഭിപ്രായത്തോട് ചേർന്നു നിൽക്കുന്നതാണ്.

27. മരവും മനുഷ്യനും തമ്മിലുള്ള കേവലമായ ബന്ധമാണോ കൊച്ചു ചക്കരച്ചിയും അമ്മയും തമ്മിലുണ്ടായിരുന്നത് ? പരിശോധിക്കുക.?

മരവും മനുഷ്യനു തമ്മിലുള്ള കേവല ബന്ധമായിരുന്നില്ല കൊച്ചു ചക്കരച്ചിയും അമ്മയും തമ്മിലുണ്ടായിരുന്നത്.കൊച്ചു ചക്കരച്ചിയെ ഒരു കുടുംബാംഗത്തെ പോലെയാണ് അമ്മ കരുതിയിരുന്നത്. അമ്മ കൊച്ചുചക്കരച്ചിക്ക് മാനുഷിക ഭാവം കല്പിച്ചു നൽകുന്ന നിരവധി സന്ദർഭങ്ങൾ ലേഖനത്തിൽ കണ്ടെത്താൻ കഴിയും.

മാവു മുറിക്കാൻ ആളുകളെത്തുമ്പോൾ അമ്മ അത് തടയുന്നു.മാവ് ചതിക്കില്ലെന്ന് അമ്മ ഉറച്ചു വിശ്വസിച്ചു. " കൊച്ചുചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്ത് വരുത്തുകയില്ല" എന്ന ഉറച്ച വിശ്വാസം കാരണം കാറ്റും മഴയും വരുമ്പോൾ അമ്മ പൂമുഖത്ത് പോയിയിരിക്കുന്നു. അമ്മയുടെ ആ വിശ്വാസം പോലെ തന്നെ ഏറ്റവും അപകടരഹിതമായിട്ടാണ് കൊച്ചുചക്കരച്ചി മുറിഞ്ഞു വീണതും. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആരോഗ്യകരമായ പരസ്പരാശ്രിതത്വത്തിന്റെ ചിത്രമാണ് അമ്മയും കൊച്ചു ചക്കരച്ചിയും തമ്മിലുള്ള ബന്ധത്തിൽ നമുക്ക് കാണാൻ കഴിയുന്നത്.

28. കൊച്ചുചക്കരച്ചിക്ക് കൈവരുന്ന മനുഷ്യഭാവങ്ങളാണ് ഈ ലളിതോപന്യാസത്തെ കൂടുതൽ ഹൃദ്യമാക്കുന്നത്- വിശകലനം ചെയ്യുക?

ലളിതമായ ഭാഷയിലൂടെ കൊച്ചുചക്കരച്ചിക്ക് മാനുഷിക ഭാവം കല്പിച്ചു നൽകി എ.പി.ഉദയഭാനു അവതരിപ്പിക്കുന്ന ലേഖനം ഏറെ ഹൃദ്യമാണ്.ലോക പ്രസ്ശതമായ മാവിന്റെ വംശത്തിലാണ് കൊച്ചു ചക്കരച്ചി വന്നു പിറന്നത് എന്നാണ് ലേഖകൻ 'കൊച്ചു ചക്കരച്ചി'യെ പരിചയപ്പെടുത്തുന്നത്. കുലശ്രേഷ്ഠകൾ, രണ്ടു ചക്കരച്ചികൾ, സഹോദരങ്ങൾ, വൃദ്ധ മുത്തശ്ശി, നേരുള്ളവൾ , നിബിഡവും ശ്യാമളവുമായ തലമുടിയുള്ളവൾ , കുട്ടികളെപ്പോലെ അരുമത്തം നേടിയവൾ എന്നൊക്കെയാണ് ലേഖകൻ കൊച്ചു ചക്കരച്ചിയെ വിശേഷിപ്പിക്കുന്നത്. നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു എന്നാണ് ലേഖകൻ സരസമായി അവതരിപ്പിക്കുന്നത്. പാട്ടും കഥകളുമായി കഴിഞ്ഞ പഴയ മുത്തശ്ശിക്കാലത്തെ ഓർമകളിലേക്ക് കൂട്ടികൊണ്ട് പോകാൻ ഇത്തരം കൽപനകൾ സഹായിക്കുന്നു. " കൊച്ചുചക്കരച്ചി നേരുള്ള മാവാണ്, അവൾ ദോഷം വരുത്തുകയില്ല എന്നുള്ള അമ്മയുടെ വിശ്വാസം ജയിച്ചു. അവിടെ കിളിച്ചു പൊന്തിയ മാവിൻ തയ്യിനെ കൊച്ചു ചക്കരച്ചിയുടെ മകൾ എന്ന നിലയിൽ അമ്മ വാത്സല്യത്തോടെ വളർത്തി .ഈയാണ്ടിൽ അതു കായ്ച്ചു. അവൾ പുളിച്ചിയാണ്."- എന്നി വിശേഷണങ്ങളെല്ലാം 'കൊച്ചുചക്കരച്ചി' എന്ന ലളിതോപന്യാസത്തെ കൂടുതൽ ഹൃദ്യമാക്കുന്നു.

29. ഭാഷയുടെ ലാളിത്യവും സൗന്ദര്യവും കൊണ്ട് ശ്രദ്ധേയമാണ് 'കൊച്ചുചക്കരച്ചി'. പാഠഭാഗത്തു നിന്നുള്ള ഉദാഹരണങ്ങൾ കണ്ടെത്തി ഏ.പി.ഉദയഭാനുവിന്റെ രചനാശൈലിയെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക?

ഭാഷാ ലാളിത്യംകൊണ്ടും സൗന്ദര്യംകൊണ്ടും ഏറെ ശ്രദ്ധേയമായ ഉപന്യാസമാണ്ഏ.പി.ഉദയഭാനുവിന്റെ 'കൊച്ചുചക്കരച്ചി'. നിരവധി ലളിതോപന്യാസങ്ങളുടെ കർത്താവായ അദ്ദേഹത്തിന്റെ ചിരിയും ചിന്തയും ഉണർത്തുന്ന രമ്യോപന്യാസത്തിന്റെ മികച്ച മാതൃകയാണ് പാഠഭാഗം. ഒരു മുത്തശ്ശിക്കഥ

ആസ്വദിക്കുമ്പോലെ വായിച്ചു തീർക്കാവുന്ന ഈ ലേഖനം, മനുഷ്യനും പ്രകൃതിയും ചേർന്ന പരസ്പരാശ്രിതത്വത്തിന്റെ ആവശ്യകതയെയും ഗൗരവമായി അവതരിപ്പിക്കുന്നു. മാവിനെക്കുറിച്ചും മാമ്പഴങ്ങളുടെ കൊതിയൂറും സ്വാദിനെക്കുറിച്ച് അവതരിപ്പിക്കുന്നിടത്ത് - അങ്ങനെ പല പല മാവുകൾ അവരുടെ പ്രത്യേക സ്വാദുകളുമായി ഓടി എത്തുന്നു- എന്നാണ് അദ്ദേഹം വിവരിക്കുന്നത്. മാഞ്ചോട്ടിലെ ഒത്തുചേരുകളെ കുറിച്ച് പറയുമ്പോഴും നർമഭാഷയെ നമുക്ക് അനുഭവച്ചറിയാനാകും. മാങ്ങയുടെ വലുപ്പവും മധുര്യവും ചേർത്ത് കുരുട്ടച്ചി എന്ന പേര്, കൊതിയ സമാജം, അണ്ണാൻ പിറന്നാൾ, ഉണ്ണിയിടൽ തുടങ്ങിയ പദങ്ങളും താശിപ്പുര, നാലുകെട്ട്,പടീറ്റതിൽ വീട്, തുടങ്ങിയ ഗ്രാമീണപദങ്ങളുടെ ഉപയോഗവും ലേഖനത്തെ ഹൃദ്യമാക്കുന്നുണ്ട്.

പൂത്തിരി കത്തിച്ചതുപോലുള്ള മാമ്പൂക്കുല ഒടിച്ച് കുസൃതിക്കുട്ടനെപ്പോലെ കവിതാങ്കണത്തിൽ ഓടിയെത്തിയ വൈലോപ്പിള്ളി - 'മാമ്പഴം' എന്ന കവിതയെ മൊത്തം നമ്മുടെ മനസ്സിലേക്ക് എത്തിക്കാൻ ഈ സരസവാക്യത്തിലൂടെ സാധിക്കുന്നു.

അനുഭവസുഖം പകരുന്ന വർണനകളാണ് എ.പി.ഉദയഭാനുവിന്റെ മറ്റൊരു രചന സവിശേഷത. പച്ചമാങ്ങ ഉപ്പു ചേർത്ത് കറു മുറാ കറുമുറാ ചവച്ചു നിന്നാൽ കുത്തിയൊലിക്കുന്ന ഉമിനീരിന്റെ വേഗം - മാമ്പഴക്കാലത്തെ

മാവിൻച്ചുവട്ടിൽ നടക്കുന്ന 'സദ്യ'കളുടെ ഓർമയിലേക്ക് കൂട്ടികൊണ്ട് പോകുന്നു.

പ്രകൃതിയിൽ മനുഷ്യഭാവം കൽപ്പിച്ചു കൊണ്ടുള്ള ലേഖകന്റെ രചനാശൈലിയും 'കൊച്ചുചക്കരച്ചി'യെ കൂടുതൽ ആകർഷകമാക്കുന്നു. മാവിനെ ഒരു കുടുംബാംഗമായി കണ്ട് അവളെ വാത്സല്യത്തോടെ നോക്കി കാണുന്ന വ്യക്തിയാണ് അമ്മ .കുലശ്രേഷ്ഠകൾ, രണ്ടു ചക്കരച്ചികൾ, സഹോദരങ്ങൾ, വൃദ്ധ മുത്തശ്ശി, നേരുള്ളവൾ , നിബിഡവും ശ്യാമളവുമായ തലമുടിയുള്ളവൾ , കുട്ടികളെപ്പോലെ അരുമത്തം നേടിയവൾ എന്നൊക്കെയാണ് ലേഖകൻ കൊച്ചു ചക്കരച്ചിയെ സംബോധന ചെയ്യുന്നത്. കർക്കടമാസത്തിലെ കറുത്ത വാവിൻ നാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പുകൾ കൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച് മിന്നാമിനുങ്ങുകളെ കൊണ്ടു നക്ഷത്ര നിബിഡമായി നിൽക്കുന്ന കൊച്ചു ചക്കരച്ചിയെ കുറിച്ചുള്ള വർണന ആരെയും ആകർഷിക്കുന്നതാണ്. വിൽക്കാനുള്ളതല്ല, ആളുകൾക്ക് ഒന്നും രണ്ടുംപൊറുക്കിത്തിന്നാനുള്ള താണ്.

എന്റെ മാങ്ങ എന്നായിരുന്നു കൊച്ചുചക്കരച്ചിയുടെ നില. പ്രകൃതിയും മനുഷ്യനും തമ്മിൽ തീർക്കുന്ന ഹൃദ്യമായ ബന്ധത്തിന്റെ നേർകാഴ്ച ഇവിടെ നമുക്ക് ദർശിക്കാനാകും.സ്വയം ചത്തും മാവിനെ കാത്തു രക്ഷിച്ചു പോന്ന നീറുകൾ എന്ന ചാവേറ്റു പട കൊച്ചുചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെ എല്ലാം തോൽപ്പിച്ച് ഓടിച്ചു കളഞ്ഞു - എന്ന് പറയുന്നിടത്ത് പ്രകൃതി സംരക്ഷണത്തിന്റെയും ജൈവ വൈവിധ്യ സംരക്ഷണത്തിന്റെയും വിശാലമായ കാഴ്ചപ്പാട് സരസമായി അവതരിപ്പിക്കുകയാണ് ലേഖകൻ ചെയ്യുന്നത്. ലളിതമായ വിഷയത്തെ ഉചിതമായ ആമുഖത്തോടെ വിഷയ സംബന്ധമായ അറിവുകൾ കൂട്ടിച്ചേർത്ത് അവതരിപ്പിച്ച ഏ.പി.ഉദയഭാനുവിന്റെ രചനാശൈലി ഏറെ ഹൃദ്യവും മനോഹരവുമാകുന്നു.